## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 304 10/06/2013-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യപ്രശ്നം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീമതി. കെ.എസ്. സലീഖ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യപ്രശ്നം സർക്കാർ പ്രത്യേക മായി പഠിക്കുകയും വിലയിരുത്തു കയും ചെയ്തിട്ടുണ്ടോ; | എ & ബി | ഇതിനായി പ്രത്യേക പഠനം നടത്തിയിട്ടില്ല. എന്നാൽ സമീപകാലത്ത് റിപ്പോർട്ട് ചെയ്ത ആരോഗ്യ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ അട്ടപ്പാടിയിലെ ആരോഗ്യ പ്രശ്നങ്ങൾ പ്രത്യേകമായി പഠനത്തിനും വിലയിരുത്ത ലിനും വിധേയമാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയും ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരും ജനപ്രതിനിധികളും കേന്ദ്ര മന്ത്രിമാരും ഉദ്യോഗസ്ഥൻമാരും ഉൾപ്പെടെയുള്ള സംഘം അട്ടപ്പാടി സന്ദർശിച്ച് പ്രശ്നങ്ങൾ വിലയിരുത്തുകയും സത്വരമായ പരിഹാര നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പിലെ എസ്.റ്റി പ്രൊമോട്ടർമാർ, സാമൂഹ്യ നീതി വകുപ്പിലെ അംഗൻവാടി വർക്കർമാർ, ആരോഗ്യ വകുപ്പിലെ ആശാ വർക്കർമാർ, എന്നിവർ ശേഖരിച്ച വിവരം അനുസരിച്ച് കണ്ടെത്തിയ 849 രോഗികൾക്ക് 20.04.2013 ന് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ വച്ച് നടത്തിയ മെഡിക്കൽ ക്യാമ്പിൽ വച്ച് വിദഗ്ധ പരിശോധന നടത്തി ആവശ്യമായ മരുന്നുകൾ വിതരണം ചെയ്തു. തുടർ മെഡിക്കൽ ക്യാമ്പുകൾ മൊബൈൽ മെഡിക്കൽ യൂണിറ്റ് മുഖേന നിർവ്വഹിച്ചുവരുന്നു. |
| ബി | തുടർച്ചയായി കുട്ടികൾ മരിക്കാനിട യായ സാഹചര്യം പഠനവിധേയമാ ക്കുകയുണ്ടായോ; ഇതു സംബന്ധിച്ച് സർക്കാരിന് ലഭിച്ച റിപ്പോർട്ടുകൾ ഏതൊക്കെ; റിപ്പോർട്ടിലെ ശുപാർശ കളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| സി | അട്ടപ്പാടി ഊരുകളിലെ നിവാസികളുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം പദ്ധതികളായിരുന്നു ഉണ്ടായിരുന്നത്; അവയിൽ നിലവിൽ ഇല്ലാതായിരിക്കുന്നവ ഏതൊക്കെയാണ്; | സി | അട്ടപ്പാടിയിൽ ആരോഗ്യ വകുപ്പിന് കീഴിൽ കോട്ടത്തറയിൽ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, 3 പബ്ലിക് ഹെൽത്ത് സെന്റർ, 1 കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, 28 സബ് സെന്ററുകൾ, 3 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഇവ പ്രവർത്തിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പട്ടിക വർഗ്ഗക്കാർക്കുള്ള ചികിത്സാ ധന സഹായം, സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, സൗജന്യ ആമ്പുലൻസ് എന്നീ സൗകര്യങ്ങളാണ് ഉണ്ടായിരുന്നത്. അവയെല്ലാം തുടർന്നു വരികയും, സിക്കിൾ സെൽ അനീമിയ ബാധിച്ചവർക്കുള്ള പ്രതിമാസ ധനസഹായം പുതുതായി ആവിഷ്ക്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. മുഴുവൻ ഗർഭിണികൾക്കും പ്രസവാനന്തരം നവജാത ശിശുക്കൾക്കും പൂരക പോഷകാഹാരങ്ങൾ വാങ്ങാനായി പ്രതിമാസം 1000 രൂപ വീതം ആകെ 18 മാസം നൽകുന്ന ജനനി ജന്മരക്ഷ എന്ന പുതിയ പദ്ധതിയും നിലവിൽ വന്നു. അസുഖബാധിതരെ അപ്പപ്പോൾ ആശുപത്രിയിൽ എത്തിക്കുന്നതിനും, ആരോഗ്യ പരിപാലനത്തിലും അവബോധം നൽകുന്നതിനും ശുചിത്വം പാലിക്കുന്നതിലും, പട്ടികവർഗ്ഗക്കാരെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനും പട്ടിക വർഗ്ഗക്ഷേമത്തിനുള്ള എല്ലാ പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ചും നേരിട്ട് പട്ടിക വർഗ്ഗക്കാർക്ക് ഇടപെട്ട് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും എസ്.റ്റി. പ്രൊമോട്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ഡി | ഊരുകളിലെ ദുരവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പ്രഖ്യാപിച്ചിരുന്നത്; അവയിൽ ഇപ്പോഴും നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വിശദമാക്കുമോ? | ഡി | പട്ടികവർഗ്ഗ വികസനത്തിന് ആവിഷ്ക്കരിച്ച എല്ലാ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഊരുകളുടെ വികസനത്തിന് വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതി, പട്ടികവർഗ്ഗ ഉപ പദ്ധതിക്കുള്ള കേന്ദ്ര സഹായം, കോർപ്പസ് ഫണ്ട്, പുതുതായി ആവിഷ്ക്കരിച്ച ഹാംലറ്റ് വികസന പദ്ധതി, പ്രത്യേക ദുർബല വിഭാഗങ്ങൾക്കുള്ള പാക്കേജ് ഇവയിൽപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ